ശ്രീ. എം. നാരായണക്കുറുപ്പ് : ഈ രാഷ്ട്രീയ യാതനക്കാരായിട്ടുള്ളവരുടെ സന്താനങ്ങൾ ഉപരിപഠനത്തിന് പോകാൻ വളരെ ഇല്ലാതാകാൻ ഇടയുള്ളതുകൊണ്ടും ഇവിടെ ഈ ചോദ്യത്തിന് മറുപടി പറയാനുള്ള അവസരം ഇന്നുണ്ടായിട്ടുള്ളതുകൊണ്ടും അങ്ങനെയുള്ള രാഷ്ട്രീയ യാതനക്കാരുടെ ത്യാഗം കൊണ്ടാണെന്നുള്ളതിനെ പരിഗണിച്ചും ഈ കാര്യം ഒന്ന് അനുഭാവപൂർവ്വം ചിന്തിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവരുടെ നമ്പർ വളരെ കുറവല്ല. 133 വിദ്യാർത്ഥികൾക്ക് ഇക്കൊല്ലത്തേക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. അതിന് ഒരു മാനദണ്ഡം വേണമല്ലോ. അതു് തൽക്കാലം സ്വാതന്ത്ര്യസമരം എന്നു് ക്ലിപ്തപ്പെടുത്തിയിരിക്കുകയാണു്.

ഗ്രാമീണ സന്നദ്ധസേന

* 835. [6] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ സന്നദ്ധസേനകൾ രൂപീകരിച്ചതിനുശേഷം പഞ്ചായത്തുകൾക്കു് ഇതുവരെയായി എത്ര പേരുടെ സൗജന്യസേവനം ലഭിച്ചിട്ടുണ്ടു്;

(ബി) ഈ സൗജന്യസേവനം ലഭിച്ച വകയിൽ ആ ജോലികൾ പൂർത്തിയാക്കാൻ ആകെ ചെലവായ തുകയെത്ര ;

(സി) കോഴിക്കോട്ട താലൂക്കിൽ ഏറ്റവും അധികം വികസന പ്രവർത്തനം നടത്തിയ പഞ്ചായത്തു് ഏതാണു് ;

(ഡി) ആ പഞ്ചായത്തിൽ എന്തെല്ലാം തരത്തിലുള്ള പ്രവൃത്തികൾ ഗ്രാമീണ സന്നദ്ധസേനാംഗങ്ങൾ ഇതിനകം ചെയ്തുകഴിഞ്ഞു ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ പഞ്ചായത്തുകൾക്കു് 114,295 പേരുടെ സൗജന്യസേവനം ലഭിച്ചിട്ടുണ്ടു്. ബാക്കിയുള്ള ജില്ലകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 65,355 രൂപ 56 നയാപൈസ.

(സി) ബാലുശേരി പഞ്ചായത്തു്.

(ഡി) (1) ബസ്സ് സ്റ്റാൻഡുമുതൽ ഹൈസ്കൂൾവരെയുള്ള രണ്ടു ഫർലാംഗ് റോഡു നിർമ്മിച്ചു ; (2) അരിമംഗലം റോഡു് മുതൽ ഫർലോംഗ് കേട്ട തീർത്തു നന്നാക്കി; (3) ഒരു ഫർലോംഗ് കോർട്ടറോഡു് നന്നാക്കി; (4) 500 രൂപ വിലയുള്ള കൊന്നത്തൈകൾ നാട്ടിൽ നട്ടുകൊടുത്തു; (5) 555 രൂപ ചെലവു വരുന്ന അഞ്ചു വളക്കുഴികൾ നിർമ്മിച്ചു.

ശ്രീ. പി. സി. രാഘവൻ നായർ : ഇതിലേക്കു് പഞ്ചായത്തു ഫണ്ടിൽനിന്നും, ലേബർ ബാങ്കു് ഫണ്ടിൽനിന്നും എത്ര രൂപ ചെലവു ചെയ്തുവെന്നു പറയാമോ; അതുപോലെതന്നെ എത്രപേരെ ഇതിലേക്കു് ഉപയോഗിച്ചുവെന്നും പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. വിജയൻ : വില്ലേജു് വാളൻറിയർ ഫോഴ്സുപോലെ അർബൻ വാളൻറിയർ ഫോഴ്സു് രൂപീകരിക്കുന്നതിനു് ആലോചിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അങ്ങനെ ഒരു സമിതി രൂപീകരിക്കാൻ ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ : ഇപ്പോഴം അങ്ങനെ ഒരു ആലോചന യില്ല.

പട്ടാമ്പി സംസ്കൃത കോളേജ്.

* 836. [7] ശ്രീ. ഈ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യ ത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടാമ്പി സംസ്കൃത കോളേജ് ഒരു ഡിഗ്രി കോളേജായി ഉയർത്താൻ നടപടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

ഈ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലാണു്.

ശ്രീ. ഈ. പി. ഗോപാലൻ : ഈ ഗവണ്മെൻറുതന്നെ സംസ്കൃതത്തിന്റെ മേന്മ എങ്ങനെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതിനെ സംബന്ധിച്ചു് ഒരു കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റി ഈ കോളേജും, ഒരു ഡിഗ്രി കോളേജായി ഉയർത്തണമെന്നു പറഞ്ഞു് രണ്ടുമൂന്നു കൊല്ലം മുൻപുതന്നെ റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ ? അങ്ങനെയാണെങ്കിൽ എന്താണു് ഇതിനു കാലതാമസം ഉണ്ടാകുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിന്റെ പരിഗണന യിലിരിക്കുകയാണെന്നാണു് ഞാൻ പറഞ്ഞതു്. കഴിഞ്ഞ വർഷം അവിടെ വിദ്യാർത്ഥികളുടെ എണ്ണം കുറവായിരുന്നു. സംസ്കൃത വിദ്വാനു ആരുംതന്നെ ഇല്ലാതിരുന്നു. താരതമ്യേന വിദ്യാർത്ഥികളും കുറഞ്ഞതുകൊണ്ടാണു് കാല താമസം വന്നതു്.

ശ്രീ. ഈ. പി. ഗോപാലൻ : കേന്ദ്രഗവണ്മെൻറു സംസ്കൃതത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നിർലോഭം സഹായധനം കൊടുക്കുന്നുവെന്നു കേൾക്കാറുണ്ടു്. ഈ ഗവണ്മെൻറു സംസ്കൃതകോളേജുകളുടെ അഭിവൃദ്ധിക്കുവേണ്ടി കേന്ദ്ര ഗവണ്മെൻറു തരാൻ തയ്യാറുള്ള എല്ലാ സഹായവും സ്വീകരിച്ചിട്ടുണ്ടോ എന്നു പരിശോധിക്കുമോ ? ഇല്ലെങ്കിൽ കേന്ദ്ര ഗവണ്മെൻറിന്റെ സഹായം വാങ്ങി ഇവ അഭിവൃദ്ധിപ്പെടുത്താൻ സത്വരനടപടികളും കൈക്കൊള്ളുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിനു മുൻപു പല പ്രാവശ്യവും മറുപടി പറഞ്ഞിട്ടുള്ള കാര്യമാണു്. സഹായധനം കൊടുത്തിട്ടും ആവശ്യമായ സൗകര്യം വിദ്യാർത്ഥികളും ഇതിൽ ചേരുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഡിഗ്രികോളേജ് ഉണ്ടാക്കിയില്ലെങ്കിൽ സംസ്കൃതത്തിനു് അഭിവൃദ്ധിയുണ്ടാകുകയില്ലെന്നു് മനസ്സിലാക്കിയാണു് തൃപ്പൂണിത്തുറ കോളേജ് ഡിഗ്രി കോളേജാക്കാൻ നടപടിയെടുത്തതു്. പട്ടാമ്പി സംസ്കൃത കോളേജും ഡിഗ്രി കോളേജായി ഉയർത്തണമെന്നു് നിവേദനം തന്നിരുന്നു. ഇതിനെ അടിസ്ഥാനമാക്കി പട്ടാമ്പി കോളേജ് ഡിഗ്രി കോളേജാക്കാനുള്ള നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇതിൽ അവസാനതീരുമാനം എടുത്തിട്ടില്ല. ഈ വക കാര്യങ്ങളെല്ലാം കണക്കിലെടുത്തു അവസാനതീരുമാനം എടുക്കുന്നതാണു്.

ശ്രീ. കെ. എം. ജോർജ് : സംസ്കൃത വിദ്യാഭ്യാസത്തിനു് എത്രകണ്ടു ആനുകൂല്യം നൽകാമോ അത്രയും നൽകണമെന്നുള്ളതിനോടു യോജിച്ചുകൊണ്ടുതന്നെ എവിടെയെങ്കിലും ഒന്നോ, രണ്ടോ സ്ഥലത്തു മാത്രം കോളേജു നടത്തുന്നതാണു് നല്ലതെന്നും, കൂടുതൽ സ്ഥലത്തു നടത്തിയാൽ മറ്റുള്ളവ വേസ്റ്റാണെന്നും ഉള്ള കാര്യം ഗവണ്മെൻറു കണക്കിലെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സംസ്കൃതത്തിനു് ആവശ്യമായ പ്രോത്സാഹനം നൽകണമെന്നുള്ളതാണു് ഗവണ്മെൻറിന്റെ നയം. എല്ലാ കാര്യങ്ങളും കണക്കിലെടുത്തേ അവസാന തീരുമാനമെടുക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly